# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

**കെ.എൻ. വേണുഗോപാലൻ കർത്ത**
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: **0481– 2731020, 2732650**
മൊബൈൽ: **9846720402**

പി.ആർ.ഒ/36/77/2018 2018 ഏപ്രിൽ 19

## പത്രക്കുറിപ്പ്

**ആഗോള ജൈവ സംഗമം: കാർഷിക പരിസ്ഥിതി ചലച്ചിത്ര മേളക്ക് രജിസ്റ്റർ ചെയ്യാം**

മഹാത്മാഗാന്ധി സർവ്വകലാശാലാ ഏപ്രിൽ 21 മുതൽ കോട്ടയം സി.എം.എസ് കോളേജിൽ സംഘടിപ്പിക്കുന്ന ആഗോള ജൈവ സംഗമത്തിൻെറ ഭാഗമായി നടത്തുന്ന കാർഷിക, പരിസ്ഥിതി ചലച്ചിത്ര മേളയിൽ പ്രതിനിധിയായി പങ്കെടുക്കുന്നതിന് 9946704322, 9947576344 എന്നീ നമ്പറുകളിൽ സൗജന്യമായി രജിസ്റ്റർ ചെയ്യാം. കേരള ചലച്ചിത്ര അക്കാദമി, സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യുക്കേഷണൽ ടെക്നോളജി, കോട്ടയത്തെ സാംസ്കാരിക സംഘടനയായ ആത്മ എന്നിവയുടെ സഹകരണത്തോടെയുള്ള ചലച്ചിത്ര മേള സി.എം.എസ്. കോളേജിലെ 'ജി.അരവിന്ദൻ കുല'ത്തിലായിരിക്കും (ജോസഫൈൻ ഹാൾ) നടക്കുക. കൃഷി, പരിസ്ഥിതി, കലാവസ്ഥ ജൈവ ജീവന രീതികൾ തുടങ്ങിയ വിഷയങ്ങളെ അധികരിച്ചുള്ള ഫീച്ചർ, ഡോക്യുമെൻററി സിനിമകൾ ആയിരിക്കും പ്രദർശിപ്പിക്കുന്നത്. ഇതുമായി ബന്ധപ്പെട്ട വിദഗ്ധർ പങ്കെടുക്കുന്ന ഓപ്പൺ ഹൗസ് ചർച്ചകളും മേളയുടെ ഭാഗമായി സംഘടിപ്പിക്കും.

അരവിന്ദൻെറ കാഞ്ചന സീത എന്ന സിനിമ ആദ്യ ആദ്യ ദിനവും ജയരാജിൻെറ ഒറ്റാൽ അവസാന ദിനവും (ചൊവ്വ) പ്രദർശിപ്പിക്കും. കുട്ടനാട് ഒരു മരുത തിണ (പ്രദീപ് നായർ), ദി എമറാൾഡ് ഫോറസ്റ്റ് (ജോൺ ബൂർമാൻ), നെന്മാണിക്യം (വേണുകുമാർ), ബ്ലാക് ഫോറസ്റ്റ്(ജോഷി മാത്യു), എന്നീ ചിത്രങ്ങൾ മേളയുടെ ആദ്യ ദിനമായ ഏപ്രിൽ 21 നും (ശനി), സ്ഥലം (കവിയൂർ ശിവ പ്രസാദ്), ഓർഗാനിക് ഫാമിംഗ് (ശ്രമ ജീവി), പുതിയ ആകാശം പുതിയ ഭൂമി (എം.എസ് മണി), കുട്ടികളുടെ സിനിമ (എസ്.ഐ.ഇ.ടി) എന്നീ ചിത്രങ്ങൾ ഏപ്രിൽ 22 നും (ഞായർ), ബേബ് (ക്രിസ് ന്യൂനാൻ), ഡോക്യുമെൻററി (വി.കെ സുഭാഷ്), ഗ്രേപ്സ് ഓഫ് റാത്ത് (ജോൺ ഫോർഡ്), വൺ സ്ട്രോ റവല്യൂഷൻ, കൺഫഷൻസ് ഓഫ് ആൻ എക്കോടെററിസ്റ്റ് (പീറ്റർ ജയ് ബ്രൗൺ) എന്നീ ചിത്രങ്ങൾ ഏപ്രിൽ 23 നും (തിങ്കൾ), വലിയ ചിറകുള്ള പക്ഷികൾ (ബിജുകുമാർ ദാമോദരൻ), സേക്രട് ഹാർവസ്റ്റ്, ഗ്രാൻറ്മാസ് ഫോറസ്റ്റ്, ഗാർഡിയൻസ് ഓഫ് ഗ്രയ്ൻ (ജി.എസ്. ഉണ്ണികൃഷ്ണൻ നായർ), ഗോഡ്സ് ഷാകിൾസ് (സംഗീത അയ്യർ) എന്നീ ചിത്രങ്ങൾ ഏപ്രിൽ 24 നും(ചൊവ്വ) പ്രദർശിപ്പിക്കും.

ശനിയാഴിച്ച രാവിലെ 10 ന് നടക്കുന്ന ചലച്ചിത്ര മേളയുടെ ഉദ്ഘാടന ചടങ്ങിൽ നടനും നിർമ്മാതാവുമായ പ്രേം പ്രകാശ് അവതരണ ചലച്ചിത്ര പ്രകാശനം നിർവ്വഹിക്കും.കെ.ആർ. നാരായണൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വിഷ്വൽ സയൻസ് ആൻറ് ആർട്സിലെ ആനിമേഷൻ പഠന വിഭാഗത്തിലെ വിദ്യാർഥികൾ തയ്യാറാക്കിയ സിഗ്നേച്ചർ സിനിമയാണ് അവതരണ ചലച്ചിത്ര പ്രകാശനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. സിനിമാ സംവിധായകരായ ജോഷി മാത്യു, എബ്രിഡ് ഷൈൻ എന്നിവർ പങ്കെടുക്കും. പ്രൊ. വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് അദ്ധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ സിൻഡിക്കേറ്റംഗം ഡോ. എം.എസ്. മുരളി, രജിസ്ട്രാറും ജൈവം ജനറൽ കൺവീനറുമായ എം.ആർ. ഉണ്ണി തുടങ്ങിയവർ സംസാരിക്കും.

**അപേക്ഷാ തീയതി**

മൂന്നാം സെമസ്റ്റർ എം.എസ്.സി. ബയോമെഡിക്കൽ ഇൻസ്ട്രുമെൻേറഷൻ (പുതിയ സ്കീം 2016 അഡ്മിഷൻ റഗുലർ), മാസ്റ്റർ ഓഫ് അപ്ലൈഡ് സയൻസ് ഇൻ ബയോമെഡിക്കൽ ഇൻസ്ട്രുമെൻേറഷൻ (പഴയ സ്കീം, 2014–2015 അഡ്മിഷൻ സപ്ലിമെൻററി) പരീക്ഷകൾ മെയ് 15 ന് ആരംഭിക്കും. അപേക്ഷകൾ പിഴയില്ലാതെ ഏപ്രിൽ 23 വരെയും 50 രൂപ പിഴയോടെ 24 വരെയും 500 രൂപ സൂപ്പർ ഫൈനോടെ 27 വരെയും സ്വീകരിക്കും.

മൂന്നാം സെമസ്റ്റർ എം.സി.എ (അഫിലിയേറ്റഡ് കോളേജുകളും സി.പി.എ.എസും, റഗുലർ/സപ്ലിമെൻററി/ലാറ്ററൽ എൻട്രി) പരീക്ഷകൾ മെയ് 30 ന് ആരംഭിക്കും. അപേക്ഷകൾ

പിഴയില്ലാതെ ഏപ്രിൽ 24 വരെയും 50 രൂപ പിഴയോടെ 25 വരെയും 500 രൂപ സൂപ്പർ ഫൈനോടെ 27 വരെയും സ്വീകരിക്കും. റഗുലർ വിദ്യാർഥികൾ 150 രൂപയും വീണ്ടും എഴുതുന്നവർ പേപ്പർ ഒന്നിന് 30 രൂപ വീതവും (പരമാവധി 150 രൂപ) സി.വി. ക്യാമ്പ് ഫീസ് ആയി പരീക്ഷാ ഫീസിനൊപ്പം അടക്കണം. ലാബ് പരീക്ഷകൾ വീണ്ടും എഴുതുന്നവർ ഫീസ് അടച്ച് രജിസ്റ്റർ ചെയ്യണം. വിശദമായ ടൈം ടേബിൾ സർവ്വകലാശാലാ വെബ് സൈറ്റിൽ ലഭ്യമാണ്.

**ഓഫ് ക്യാമ്പസ് പരീക്ഷാ കേന്ദ്രങ്ങൾ**

2018 മെയ് മാസത്തിൽ നടത്തുന്ന ഓഫ് ക്യാമ്പസ് പരീക്ഷകൾക്ക് മങ്കൊമ്പ് എസ്.എൻ. കോളേജ് ഓഫ് അഡ്വാൻസ്ഡ് സ്റ്റഡീസ്, പയ്യപ്പാടി കോളേജ് ഓഫ് അപ്ലൈഡ് സയൻസ്, കെടാമംഗലം ശ്രീനരായണ ആർട്സ് ആൻറ് സയൻസ് കോളേജ് എന്നിവയും പരീക്ഷാ കേന്ദ്രങ്ങൾ ആയി അനുവദിച്ചു.

**ബി.ടെക് പരീക്ഷ**

2018 മെയ്/ ജൂൺ മാസങ്ങളിൽ നടത്തുന്ന എട്ടാം സെമസ്റ്റർ ബി.ടെക് (പുതിയ സ്കീം റഗുലർ/ സപ്ലിമെൻററി) പരീക്ഷയിലെ ഇലക്ടീവ് വിഷയമായ സ്ട്രക്ച്ചറൽ ഡയനാമിക്സ് ആൻറ് സ്റ്റബിലിറ്റി അനാലിസിസ് (സ്ിഇ) പരീക്ഷ മെയ് 16 ന് രാവിലെ 9.30 മുതൽ 12.30 വരെ നടത്തും.

**പരീക്ഷാ ഫലം**

2017 ജൂണിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.ബി.എ (റഗുലർ/സപ്ലിമെൻററി) പരീക്ഷാഫലം പ്രസിദ്ധപ്പെടുത്തി.പുനർമൂല്യനിർണ്ണയത്തിനും സൂക്ഷമ പരിശോധനയ്ക്കും മെയ് 3 വരെ അപേക്ഷിക്കാം.

സ്കൂൾ ഓഫ് ഗാന്ധിയൻ തോട്ട് ആൻറ് ഡെവലപ്മെൻറ് സ്റ്റഡീസിൽ 2017 നവംബറിൽ നടത്തിയ നാലാം സെമസ്റ്റർ എം.എ. ഗാന്ധിയൻ സ്റ്റഡീസ്, ഡെവലപ്മെൻറ് സ്റ്റഡീസ് (സി.ബി.സി.എസ്.എസ്) പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി.

2018 ജനുവരിയിൽ നടത്തിയ നാലാം സെമസ്റ്റർ ബി.എഡ് സ്പെഷ്യൽ എഡ്യുക്കേഷൻ – ലേണിംഗ് ഡിസെബിലിറ്റി (റഗുലർ/ഇംപ്രൂവ്മെൻറ്) പരീക്ഷാ ഫലം പ്രഖ്യാപിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷമ പരിശോധനയ്ക്കും മെയ് 2 വരെ അപേക്ഷിക്കാം.

2017 ജൂണിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം.എ സിറിയക് (ഇംപൂവ്മെൻറ്/സപ്ലിമെൻററി) പരീക്ഷാഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷമ പരിശോധനയ്ക്കും മെയ് 3 വരെ അപേക്ഷിക്കാം.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**